**പതിമൂന്നാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1942** — **17.03.2015-ലെ മറുപടിക്ക്**

**ചന്ദ്രബോസ് വധക്കേസ്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഇ.പി. ജയരാജൻ**<br>**ശ്രീ. എ.എം. ആരിഫ്**<br>**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**<br>**ശ്രീ. എസ് ശർമ്മ** | | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | ചന്ദ്രബോസ് വധക്കേസ് അട്ടിമറിക്കാൻ ഉന്നത ഭരണ നേതൃത്വം ഇടപെട്ടുവെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഇതേപ്പറ്റി സമഗ്ര അന്വേഷണം നടത്താൻ തയ്യാറാകുമോ; | (എ) | കേസ് അട്ടിമറിക്കാൻ ശ്രമിക്കുന്നതായി പരാതിയോ, വിശ്വാസയോഗ്യമായ വെളിപ്പെടുത്തലുകളോ ഉണ്ടായാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കും. നിലവിൽ ടി കേസിൽ കാര്യക്ഷമമായ അന്വേഷണം നടന്നുവരുന്നു. |
| (ബി) | കേസ് അട്ടിമറിക്കാൻ രാഷ്ട്രീയ ഗൂഢാലോചന നടന്നിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് ഗൂഢാലോചന നടത്തിയതെന്ന് അന്വേഷിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ചന്ദ്രബോസിന്റെ രക്തം പുരണ്ട വസ്ത്രം ഉൾപ്പെടെ, കേസിലെ സുപ്രധാന തെളിവുകളെല്ലാം നശിപ്പിക്കപ്പെട്ടതായുള്ള റിപ്പോർട്ടുകൾ അന്വേഷണ വിധേയമാക്കുമോ; | (സി) | ടി കേസിന്റെ അന്വേഷണം പൂർത്തിയാക്കുന്നതിനു മുമ്പ് പ്രസ്തുത കാര്യവും വിശദമായി പരിശോധിക്കുന്നതാണ്. |
| (ഡി) | കൊലയാളി നിസാമിന്റെ ഭാര്യക്കെതിരെ തെളിവുകൾ ഉണ്ടായിട്ടും കേസെടുക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ഡി) | കൊലയാളി നിസാമിന്റെ ഭാര്യക്കെതിരെ സാക്ഷി മൊഴികളോ, തെളിവുകളോ ലഭിച്ചിട്ടില്ല. |
| (ഇ) | ആദ്യ നാളുകളിൽ തന്നെ മരണമൊഴി എടുക്കാതിരുന്നത് പ്രതിയെ സഹായിക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമായിട്ടാണോയെന്ന കാര്യം അന്വേഷണ സംഘം പരിശോധിച്ചിട്ടുണ്ടോ; | (ഇ) | ഏതെങ്കിലും ഗൂഢാലോചന ഇക്കാര്യത്തിൽ നടന്നിട്ടുള്ളതായി ഇതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല. |
| (എഫ്) | പ്രതി കൈവശം വച്ചിരുന്ന തോക്ക് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എഫ്) | ഇതുവരെയുള്ള അന്വേഷണത്തിൽ തോക്ക് കണ്ടെത്തിയിട്ടില്ല. |
| (ജി) | സംഭവത്തിനുശേഷമുള്ള പ്രതിയുടെയും ഇടനിലക്കാരുടെയും ഗൂഢാലോചനക്കാരുടെയും ഫോൺകോളുകളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; സംഭവത്തെ തുടർന്ന് തൃശ്ശൂരിലെത്തിയ മന്ത്രിമാരും ഉന്നത പോലീസുദ്യോഗസ്ഥന്മാരും ആരൊക്കെയായിരുന്നു; നടത്തിയ ചർച്ചകൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ? | (ജി) | ഇത്തരം കാര്യങ്ങൾ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**